Regional Agricultural Research Ambalavayal
Kerala Agricultural University, Ambalavayal, Wayanad - 673 593
പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കേരള കാർഷിക സർവ്വകലാശാല, അമ്പലവയൽ, വയനാട് 673593
Phone: 04936 260421, web: www.kau.edu, email: rarsamb@kau.in

**നമ്പർ.ഇ 4310/2022** (28) **തീയതി 15.11.2022**

## ടെൻഡർ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ അമ്പലവയൽ മേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് **2023 ജനുവരി മാസം 01 മുതൽ 15 വരെ** നടത്തുന്ന അന്താരാഷ്ട്ര പുഷ്പഫല പ്രദർശന മേള **"പൂപ്പൊലി 2023 "** ന്റ ഭാഗമായി "Food Court" ലേലം ചെയ്യുന്നതിനുവേണ്ടി **ജി.എസ്.റ്റി രജിസ്ട്രേഷൻ** ഉള്ള സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

### പുഷ്പഫല പ്രദർശന മേള 2023 – Food Court മുദ്രവച്ച ടെൻഡർ

- Food Court: - 2 യൂണിറ്റ്, ഒന്നിന്റെ അടിസ്ഥാന വില : 1,50,000 രൂപ +18% ജി.എസ്.ടി.)
- ഒരു യൂണിറ്റിന് **1000** സക്വയർ ഫീറ്റ് സ്ഥലമാണ് അനുവദിക്കുന്നത്.
- ഇവ അനുവദിക്കുന്ന സ്ഥലങ്ങൾ ലേലം സമർപ്പിക്കുന്നതിനു മുൻപ് നേരിട്ട് കണ്ട് ബോധ്യപ്പെടേണ്ടതാണ്.
- വ്യവസ്ഥകൾ പ്രതിപാദിച്ചു കൊണ്ടുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള ഫോമിൽ ഓരോന്നിനും പ്രത്യേകമായിരിക്കണം ലേലം സമർപ്പിക്കേണ്ടത്.
- **ടെൻഡർ ലഭിക്കുന്ന ആൾക്കും, കൂടെയുള്ള തൊഴിലാളികൾക്കും ഈ സ്ഥാപനത്തിന്റെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്. ഇത് ലഭിക്കുന്നതിനായി ഫോട്ടോയും, തിരിച്ചറിയൽ കാർഡുകളും എക്സിബിഷൻ തുടങ്ങുന്നതിന് ഒരാഴ്ച മുൻപ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.**

| | |
|---|---|
| ടെൻഡർ കവറിനുപുറത്ത് എഴുതേണ്ടത് : | **പൂപ്പൊലി 2023 – ഫുഡ് കോർട്ട്** |
| ടെൻഡർ ലഭിയ്ക്കേണ്ട അവസാന തീയതി, സമയം: : | **.. 03.12.2022, 11.00 a.m** |
| ടെൻഡർ തുറക്കുന്ന തീയതി, സമയം | : **03.12.2022, 11.30 a.m** |
| നിരതദ്രവ്യം | : **25,000/- രൂപ** (ഇരുപത്തയ്യായിരം രൂപ) |
| ടെൻഡർ വില | : 400/- +18% ജി.എസ്.ടി |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | : 30,**000**/- (മുപ്പതിനായിരം രൂപ) |

(അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്,ആർ.എ.ആർ.എസ്. അമ്പലവയലിന്റെ പേരിൽ ഡിഡി ആയി)

ടെൻഡർ സമർപ്പിക്കേണ്ട വിലാസം :

അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്
മേഖലാ കാർഷിക ഗവേഷണ കേന്ദ്രം,
അമ്പലവയൽ, വയനാട്

**നിബന്ധനകൾ:**

1) **200/- രൂപ യുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി സഹിതം നിർദ്ദിഷ്ട ഫോറത്തിൽ തയ്യാറാക്കിയാണ് ടെൻഡർ സമപ്പിക്കേണ്ടത്**
2) ടെൻഡർ ഫോമും അനുബന്ധ ഫോമുകളും കാർഷിക സർവ്വകലാശാലയുടെ ഒഫിഷ്യൽ വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്. (http/www.kau/tenders)
3) ടെൻഡർ ലഭിക്കുന്നവർ 1/3 തുക 3 ദിവസത്തിനകം തന്നെ അടയ്ക്കേണ്ടതാണ്. ശേഷിക്കുന്ന തുക **30.11.2022 ന് മുമ്പായി അടയ്ക്കേണ്ടതാണ്**. അല്ലാത്തപക്ഷം ടെൻഡർ റദ്ദ് ചെയ്യുന്നതും, നിരതദ്രവ്യം സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടാകുന്നതുമാണ്.
4) ഫുഡ് കോർട്ടിന്റെ ലേലം/ ടെൻഡർ നൽകുന്നവർ അവിടെ വിൽക്കുവാൻ ഉദ്ദേശിക്കുന്ന വിഭവങ്ങളുടെ വിവരം ടെൻഡറിൽ കാണിച്ചിരിക്കണം.

5) ടെൻഡർ ലഭിക്കുന്നവർ വിൽക്കുന്ന വിഭവങ്ങളുടെ വില വിവര പട്ടിക പൊതുജനങ്ങൾക്ക് കാണ ത്തക്ക രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

6) ടെൻഡർ ലഭിക്കുന്നവർ യാതൊരു തരത്തിലുമുള്ള ലഹരി പദാർത്ഥങ്ങൾ ഫുഡ് കോർട്ട് മുഖന വിൽക്കുവാൻ പാടുള്ളതല്ല

7) **ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ചു മാത്രമേ വിഭവങ്ങൾ വിൽക്കുവാൻ പാടുള്ളൂ. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫുഡ് കോർട്ടിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങൾ ടെൻഡറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ നീക്കം ചെയ്യേണ്ടതാണ്.**

8) ടെൻഡർ ലഭിക്കുന്ന വ്യക്തി വിൽക്കുന്ന സാധനങ്ങൾക്ക് ആവശ്യമായ FSSAI മുതലായ ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൽ നിന്ന് ഉൾപ്പെടെയുള്ള ലൈസൻസ് നേടിയിരിക്കേണ്ടതാണ്. ആയതിന്റെ പകർപ്പ് **പൂപ്പൊലി തുടങ്ങുന്നതിന് 5 ദിവസം മുമ്പ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.**

9) ആരോഗ്യവകുപ്പിൽ നിന്നും ലഭിക്കുന്ന ഹെൽത്ത് കാർഡ് എല്ലാ തൊഴിലാളികൾക്കും ഉണ്ടായിരിക്കേണ്ടതാണ്.

10) ഭക്ഷ്യ സാധനങ്ങൾ എല്ലാ ശുചിത്വ മാനദണ്ഡങ്ങളും പാലിച്ചു മാത്രമേ തയ്യാറാക്കി വിൽക്കുവാൻ പാടുള്ളൂ. വിൽക്കുന്ന സാധനങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും സാഹചര്യത്തിൽ നിയമ പ്രശ്ന മുണ്ടായാൽ അവയ്ക്ക് ഈ സ്ഥാപനം ഉത്തരവാദിയായിരിക്കുന്നതല്ല.

11) ടെൻഡർ ലഭിക്കുന്നവർ വൈദ്യുതിക്കുള്ള സംവിധാനം സ്വയം ഏർപ്പെടുത്തേണ്ടതാണ്.

12) നിരതദ്രവ്യം അസോസിയേറ്റ് ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയി മാത്രമേ സ്വീകരിക്കുകയുള്ളൂ.

13) ആദ്യം പൊതു ലേലവും തുടർന്ന് ടെൻഡർ തുറക്കുന്നതും ആവശ്യമെങ്കിൽ അന്നേ ദിവസം തന്നെ സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ പുനർ ലേലം നടത്തുന്നതുമാണ്.

14) ആവശ്യമായ ഭക്ഷ്യ സുരക്ഷാ ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാതിരുന്നാൽ ടെൻഡർ ഉറപ്പിച്ച് പ്രവർത്തനം തുടങ്ങിയ ശേഷവും ഫുഡ് കോർട്ടിന്റെ പ്രവർത്തനാനുമതി പ്രത്യേക മുന്നറിയിപ്പി ല്ലാതെ റദ്ദ് ചെയ്യുന്നതും നിരതദ്രവ്യം, ടെൻഡർ തുക ഇവ സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടാക്കു ന്നതുമായിരിക്കും.

15) കാരണം കാണിക്കാതെയും യാതൊരു വിധ മുന്നറിയിപ്പില്ലാതെയും പ്രവർത്തനാനുമതി റദ്ദ് ചെയ്യാ നുള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിൽ നിക്ഷിപ്തമായിരിക്കും.

**ഇതര നിബന്ധനകൾ:**

നിശ്ചിത സമയത്തിനുശേഷം ലഭിയ്ക്കുന്ന ടെൻഡറുകൾ പരിഗണിയ്ക്കുന്നതല്ല. 200/- രൂപ മുദ്ര പത്രത്തിൽ പ്രാഥമിക ഉടമ്പടി സഹിതം നിർദ്ദിഷ്ട ഫോറത്തിൽ തയ്യാറാക്കി ടെൻഡർ സമർപ്പിച്ചവർക്ക് വീണ്ടും അവസരം ലഭിക്കുന്നതിനായി ആവശ്യമെങ്കിൽ പുനർ ലേലം നടത്തുന്നതാണ് . ഏറ്റവും കൂടിയ നിരക്കിലുള്ള ടെൻഡർ തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏറ്റവും കൂടിയ നിരക്കിലുള്ള ടെൻഡർ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്ന തിനോ ഈ ഓഫീസിലെ മേധാവിക്ക് അധികാരം ഉണ്ടായിരിക്കും. ടെൻഡർ ഉറപ്പിക്കുന്ന വ്യക്തി, ഈ ഓഫീസിൽ നിന്നുള്ള ഓർഡർ/നിർദ്ദേശങ്ങൾ അനുസരിച്ച് പൂർണ്ണ ഉത്തരവാദിത്തത്തോട് കൂടി ജോലി ചെയ്ത് തരുന്നത് ബാദ്ധ്യസ്ഥനായിരിക്കും. അല്ലാത്തപക്ഷം തക്കതായ നടപടികൾ സ്വീകരിക്കുന്നതും നിരതദ്രവ്യം സർവകലാശാലയ്ക്ക് മുതൽക്കൂട്ടാകുന്നതുമാണ്. സർക്കാർ ടെൻഡറിലെ എല്ലാ നിബന്ധന കളും ഈ ടെൻഡറിനും ബാധകമാണ്. നികുതികൾ ബാധകമാണെങ്കിൽ അത് ടെൻഡർ ലഭിച്ച വ്യക്തി യിൽ നിന്നും ഈടാക്കുന്നതാണ്. ടെൻഡർ കാലയളവിൽ സ്വീകരിച്ചിരിക്കുന്ന നിരക്ക് യാതൊരു കാര ണവശാലും കുറയ്ക്കുന്നതല്ല. ടെൻഡർ ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതുജനങ്ങൾക്ക് യാത്രാ തടസ്സം ഉണ്ടാകുകയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ **11.30 a.m.**ന് ടെൻഡർ തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്.

ഒപ്പ്/-

**അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്**

നോട്ടീസ് ബോർഡ്

പകർപ്പ് : പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ് ,വിതരണത്തിന്
കെ.എ.യു വെബ്സൈറ്റ്/ബിൽ സെക്ഷൻ